(ഇ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി കേന്ദ്രമായി രജിസ്ട്രേഷൻ ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പുതുതായി സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയും ഇക്കോണമി ഓർഡറുകളും മൂലമാണ് ഓഫീസ് തുടങ്ങാൻ കഴിയാതിരുന്നത്.

(ഇ) പുതുതായി ഓഫീസുകൾ തുടങ്ങുന്ന സമയത്ത് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരുടെ അഭാവം

128 (3892) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരുടെ അഭാവം കാരണം പൊതുജനങ്ങൾക്ക് യഥാസമയം രേഖകൾ കിട്ടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ആകെ എത്ര ജീവനക്കാരാണുള്ളത് ; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്നറിയിക്കാമോ ;

(സി) നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സർട്ടിഫിക്കറ്റുകളും പ്രമാണങ്ങളും ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ആകെ എട്ട് ജീവനക്കാരുണ്ട്. ഇപ്പോൾ ഇവിടെ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടപ്പില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly